പതിമൂന്നാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 4332

4.2.2014 ലെ മറുപടിക്ക്

## വിദ്യാഭ്യാസ അവകാശനിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ആർ.സെൽവരാജ്<br>ശ്രീ. പാലോട് രവി | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |

(എ) വിദ്യാഭ്യാസ അവകാശനിയമം നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(ബി) ഇതനുസരിച്ച് നിലവിലുള്ളതിൽ നിന്നും എന്തെല്ലാം മാറ്റങ്ങളാണ് വരുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

സി.) അടുത്ത അദ്ധ്യയനവർഷം മുതൽ ഇത് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

(എ) യും (ബി) യും (സി) യും (ഡി) യും

വിദ്യാഭ്യാസഅവകാശനിയമപ്രകാരം ഒന്നുമുതൽ 8 വരെ ക്ലാസുകളിൽ പഠിക്കുന്ന 5 മുതൽ 14 വയസ്സുവരെ പ്രായമുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും,നിർബന്ധിതവും ഗുണമേന്മയുള്ളതുമായ പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള അവകാശം ഉറപ്പാക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ചുള്ള നടപടികൾ ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു. 2013 14 അധ്യയന വർഷം മുതൽ 1 മുതൽ 5 വരെ ഉൾപ്പെടുന്ന സ്കൂളുകളെ പ്രൈമറി സ്കൂളെന്നും, 5-ാം ക്ലാസ്സ് ഉൾപ്പെടുന്ന യു.പി. സ്കൂളുകളെ ലോവർ&അപ്പർ പ്രൈമറി വിഭാഗമെന്നും, 8-ാം ക്ലാസ്സ് ഉൾപ്പെടുന്ന ഹൈസ്കൂളുകളെ അപ്പർ പ്രൈമറി & ഹൈസ്കൂൾ എന്നും പുനർനാമകരണം ചെയ്യുവാനുള്ള നടപടി കൈക്കൊണ്ടു. വിദ്യാഭ്യാസ അവകാശനിയമപ്രകാരം അൺ എയിഡഡ് സ്കൂളുകളിൽ 1-ാം ക്ലാസിൽ ആ ക്ലാസ്സിലെ കുട്ടികളുടെ അംഗസംഖ്യയുടെ കുറഞ്ഞത് 25% ശതമാനമെങ്കിലും,അയൽ പക്കപ്രദേശങ്ങളിലെ ദുർബലവിഭാഗങ്ങളിലും, പിന്നോക്ക വിഭാഗത്തിലും പെട്ട കുട്ടികൾക്ക് പ്രവേശനം നൽകുന്നതിനും, സൗജന്യവും, നിർബന്ധിതവുമായ പ്രാഥമിക വിദ്യാഭ്യാസം നൽകുന്നതിനും, ഓരോ കുട്ടിയ്ക്കും ചെലവാകുന്ന

തുകയോ, അല്ലെങ്കിൽ കുട്ടിയിൽ നിന്നും ഈടാക്കുന്ന യഥാർത്ഥ തുകയോ, ഏതാണോ കുറവ്, പ്രസ്തുത തുക സ്കൂളിന് റീഇംപേഴ്സ് ചെയ്യുന്നതിനും ഉത്തരവായിട്ടുണ്ട്. എന്നാൽ കുട്ടി യുടെ താമസസ്ഥലത്തിനടുത്ത് 1 കിലോമിറ്റർ ചുറ്റളവിൽ ഗവൺമെന്റ് /എയിഡഡ് സ്കൂളുകളില്ലാത്ത സാഹചര്യത്തിൽ മാത്രമേ മുകളിൽ സൂചിപ്പിച്ച രീതിയിൽ റീ ഇംപേഴ്സ്മെന്റ് ചെയ്യുകയുള്ളൂ. അധ്യാപക വിദ്യാർത്ഥി അനുപാതം സ്കൂൾ അടിസ്ഥാനത്തിൽ എൽ.പി. സ്കൂളുകൾക്ക് 1:30 ആയും യു.പി.സ്കൂളുകളിൽ 1:35 ആയും നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. എല്ലാ ഗവൺമെന്റ്/എയിഡഡ് സ്കൂളു കളിലെ 1 മുതൽ 8 വരെ ക്ലാസിലെ എല്ലാ പെൺകുട്ടികൾക്കും എ.പി.എൽ വിഭാഗം ഒഴിച്ചുള്ള ആൺകുട്ടികൾക്കും യൂണിഫോമും എല്ലാ വിഭാഗക്കാർക്കും ടെക്സ്റ്റ് ബുക്കും സൗജന്യമായി വിതരണം ചെയ്യുന്നു. സ്കൂൾ മാപ്പിംഗ് നടപടികൾ നടന്നു വരുന്നു. ഗവൺമെന്റ് സ്കൂളുകളിൽ ഹെഡ് ടീച്ചേഴ്സിനെ ക്ലാസ് ചാർജ്ജിൽ നിന്നും ഒഴിവാക്കി പകരം, ദിവസ വേതനാടിസ്ഥാനത്തിൽ അദ്ധ്യാ പകരെ നിയമിക്കുവാൻ ഉത്തര വായിട്ടുണ്ട്. സംസ്ഥാനത്തെ സ്കൂളുകളിൽ കുടിവെള്ള സൗകര്യം, കളിക്കാനുള്ള സ്ഥലം എന്നിവ ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചു. സ്കൂളു കളിൽ സ്പെഷ്യൽ ഫീസ് പിരിക്കുന്ന സമ്പ്രദായം നിർത്ത ലാക്കി. 1-ാം ക്ലാസ് മുതൽ 8-ാം ക്ലാസ്സുവരെ ഓൾ പ്രമോഷൻ നടപ്പിലാക്കി.

സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി എല്ലാ ഗവൺമെന്റ് സ്കൂളിലും നടപ്പിലാക്കി. എയ്ഡഡ് സ്കൂളു കളിൽ ഉപദേശക സമിതി യുടെ സ്ഥാനമാണ് എസ്.എം.സി.ക്ക് നൽകിയിരിക്കുന്നത്. യു.പി. വിഭാഗ ത്തിൽ സ്പെഷ്യലിസ്റ്റ് അധ്യാപക രുടെ സേവനം ഉറപ്പാക്കുന്നതിന്റെ ഭാഗമായി സ്പെഷ്യലിസ്റ്റ്

അധ്യാപകരുടെ പൂളിങ്ങ് നടപ്പിലാക്കി. ഓരോ സ്കൂളിലും പ്രവേശനം നേടുന്ന ഓരോ കുട്ടിയെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അറിയാൻ ആധാർ നമ്പർ (യു.ഐ.ഡി) സമ്പ്രദായം

നടപ്പിലാക്കി യിട്ടുണ്ട്.

സെക്ഷൻഓഫീസർ